**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആകെ 145 വില്ലേജുകളെ സ്മാർട്ട് വില്ലേജുകളായി ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും, ആയതിൽ 25 എണ്ണം നിർമ്മാണം പൂർത്തിയായിട്ടുള്ളതും, മറ്റുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കൂടാതെ റിബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 210 വില്ലേജുകളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. മേൽ പറഞ്ഞ വില്ലേജുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുക വഴി മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കാൻ സാധിക്കുകയും അതുവഴി സ്മാർട്ട് സേവനങ്ങൾ കൂടുതൽ വേഗതയിലും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നതുമാണ്. |
| (ബി) | ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ഭൂമിയുടെ രേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് www.revenue.kerala.gov.in എന്ന പോർട്ടൽ മുഖേന ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരം ഡാറ്റബേസ് അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി, ഓൺലൈൻ തരം മാറ്റം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ടി ഡാറ്റാബേസ് പൊതുജനങ്ങൾക്ക് സെർച്ച് ചെയ്ത് കാണുന്നതിനായുള്ള സൗകര്യവും ടി പോർട്ടലിൽ ഒരുക്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. നിലവിൽ 86 വില്ലേജുകളുടെ ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിജിറ്റൽ രേഖകൾ റഫറൻസിനായി റലിസിൽ ഉൾപ്പെടുത്തുകവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ കഴിയുന്നതാണ്. |
| (സി) | 2007 മുതൽ 2024 വരെ എത്ര പേർക്ക് പട്ടയം ലഭ്യമാക്കിയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് വ്യക്തമാക്കാമോ; | (സി) | 2006 മുതൽ 2024 വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു :<br><br>2006-2011 : 90874<br><br>2011-2016 : 134460<br><br>2016-2021 : 177011<br><br>2021-2024 : 153103 |
| (ഡി) | 2011-2016 കാലഘട്ടത്തിലെ സർക്കാർ ആകെ എത്ര പേർക്ക് പട്ടയം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ? | (ഡി) | 2011-2016 കാലഘട്ടത്തിൽ ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ